(ബി) 15 ലക്ഷം രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പമ്പാവാലി മുതൽ നിരണംതോട് വരെയുള്ള 3.25 കി. മീ. റോഡ് 1987 അവസാനത്തോടെ ടാറിട്ട് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

എം. എൽ. എ. റോഡുകൾക്കുവേണ്ടി ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക

127 [157] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എം. എൽ. എ. റോഡുകൾക്കുവേണ്ടി ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൊത്തം തുക എത്ര;

(ബി) ഓരോ ജില്ലയ്ക്കും ഉൾക്കൊള്ളിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം. എൽ. എ. റോഡുകൾക്ക് പ്രത്യേക ബഡ്ജറ് ഹെഡ്ഡില്ല. "537 റോഡുകളും പാലങ്ങളും" എന്ന ഹെഡ്ഡിൽനിന്നും ഈ റോഡുകൾക്കും ചെലവാക്കുന്നു.

(ബി) ഓരോ ജില്ലയിലേയും ഈ വിഭാഗത്തിലെ റോഡുകൾക്ക് 1986-87-ലെ പ്രൊവിഷൻ താഴെ കൊടുക്കുന്നു.

തിരുവനന്തപുരം—50,000 രൂപ.
കൊല്ലം—ഇല്ല.
പത്തനംതിട്ട—100
ആലപ്പുഴ—16,00,000
കോട്ടയം—32,00,200
ഇടുക്കി—100
എറണാകുളം—20,34,800
തൃശ്ശൂർ—10,00,200
പാലക്കാട്—ഇല്ല.
മലപ്പുറം—10,00,300
കോഴിക്കോട്—200
വയനാട്—ഇല്ല.
കണ്ണൂർ—15,00,100
കാസർകോട്—ഇല്ല.

ബഡ്ജറിൽ തുക വക കൊള്ളിച്ചിട്ടില്ലാത്ത എം. എൽ. എ. റോഡുകൾ

128. [158] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ എം. എൽ. എ. റോഡുകൾക്ക് ഏതിനെങ്കിലും ബഡ്ജറിൽ തുക കൊള്ളിക്കാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly